(സി) ക്ലോസിംഗ് ബാലൻസ് 0.60 കോടിയും ട്രഷറി ബിൽ ഹോൾഡിംഗ്സ് 191.90 കോടിയും ആയിരുന്നു.

(ഡി) ഇല്ല.

വനത്തിൽ തടി നശിച്ചുപോകുന്നത് തടയാൻ നടപടി

11 (*71) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വനം ഡിവിഷനുകളിൽ വെട്ടിയിട്ടതും പിഴുതു വീണതുമായ തടികൾ നശിച്ചുപോകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ ഏതൊക്കെ വനം ഡിവിഷനുകളിലെ റെയിഞ്ചുകളിലാണ് അപ്രകാരം തടി നശിച്ചു പോയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തെന്മല വനം ഡിവിഷനു കീഴിലെ ആര്യങ്കാവ് റെയിഞ്ചിൽ ഇപ്രകാരം തടി നശിച്ചുപോകുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വിവിധ വനം റെയിഞ്ചുകളിൽ വെട്ടിയിട്ടതും പിഴുതു വീണതുമായ തടികൾ, വിറക് എന്നിവ യഥാസമയം ഡിപ്പോകളിൽ എത്തിക്കാനും ലേലം ചെയ്യുന്നതിനും കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ അതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) വനം ഡിവിഷനുകളുടെ കീഴിലുള്ള വനം റെയിഞ്ചുകളിൽ നശിച്ചുകൊണ്ടിരിക്കുന്ന തടികൾ യഥാസമയം ക്ലിയർ ഫെല്ലിംഗ് നടത്തുന്നതിനും റീപ്ലാന്റേഷൻ നടത്തുന്നതിനും നിർദ്ദേശം നൽകുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ)&(ബി) വെട്ടി ശേഖരിച്ച തടി നശിച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വനങ്ങളിൽ സ്വാഭാവികമായി അങ്ങിങ്ങായി പിഴുതു വീഴുന്ന തടികൾ ലാഭകരമായി വെട്ടിശേഖരിക്കാൻ കഴിയാതെ വന്നാൽ കാട്ടിൽ കിടന്നുപോകാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ആവശ്യമായ ഫണ്ടും ലെറ്റർ ഓഫ് ക്രെഡിറ്റും ലഭ്യമാക്കി ശേഖരിച്ച തടികൾ ഡിപ്പോയിൽ എത്തിക്കാനും ലേലം ചെയ്യുവാനും നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ഇ) സ്വാഭാവിക വനങ്ങളിൽ ക്ലീയർ ഫെല്ലിംഗ് സർക്കാർ നിരോധിച്ചിരിക്കുകയാണ്. വനം ഡിവിഷനുകളുടെ കീഴിലുള്ള വനം റെയിഞ്ചുകളിലെ പ്ലാന്റേഷനുകളിൽ തടി ശേഖരിക്കുന്നതും വനവൃക്ഷത്തോട്ടങ്ങൾ വെച്ചു പിടിപ്പിക്കുന്നതും കേന്ദ്രസർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാൻ അനുസരിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly